19

**05.06.2017 ന് തിരുവനന്തപുരം ഗവ: ഗസ്റ്റ് ഹൗസിൽ വച്ച് കൂടിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ മൂന്നാമത് യോഗത്തിന്റെ മിനിട്സ്**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ മൂന്നാമത് യോഗം 05.06.2017 ഉച്ച തിരിഞ്ഞ് 3 മണിക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പങ്കെടുത്ത ഗവേണിംഗ് ബോഡി അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സോഷ്യൽ ഓഡിറ്റ് ഗവേണിംഗ് ബോഡി അംഗങ്ങൾക്ക് അദ്ധ്യക്ഷൻ സ്വാഗതം ആശംസിച്ചു. തുടർന്ന് അജണ്ടാ വിഷയങ്ങൾ ചർച്ച ചെയ്തു.

**അജണ്ട.1 : 11.01.017 ലെ മിനിട്സ് അംഗീകരിക്കൽ**

*തീരുമാനം-1*

*11.01.2017 ൽ കൂടിയ ഗവേണിംഗ് ബോഡിയുടെ രണ്ടാമത് യോഗ മിനിട്സ് അംഗീകരിച്ചു.*

**അജണ്ട.2 :** *11.01.2017 ലെ യോഗ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടി*

| 11.12.2017 ലെ യോഗ തീരുമാനം | സ്വീകരിച്ച നടപടി |
|---|---|
| **തീരുമാനം .3.2.** ബൈലോയും ആദ്യയോഗത്തിലെ മിനിട്സും ഉൾപ്പെടെയുള്ള രേഖകൾ തിരുവനന്തപുരം ജില്ല രജിസ്ട്രാർ സമക്ഷത്തിൽ സമർപ്പിച്ച് രജിസ്ട്രേഷന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ പ്രോഗ്രാം ഓഫീസർ (പി,എം&ഇ) യെ ചുമതലപ്പെടുത്തി | സൊസൈറ്റി 31.01.2017 ൽ TVM/TC/123/2017 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **തീരുമാനം .4.1.** Social Audit Minimum Standards സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മലയാളത്തിലേക്ക് പരിഭാഷ ചെയ്ത് എല്ലാ അംഗങ്ങൾക്കും ജില്ല- ബ്ലോക്ക്-ഗ്രാമപഞ്ചായത്തുതലങ്ങളിലും ലഭ്യമാക്കുന്നതിന് തീരുമാനിച്ചു | മലയാളത്തിലേക്ക് പരിഭാഷ ചെയ്ത മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് അംഗങ്ങൾക്ക് വിതരണം ചെയ്തു |
| **തീരുമാനം .5.3.** സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേയ്ക്ക് ഒരു സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, ഒരു സോഷ്യൽ ഓഡിറ്റ് സെപ്ഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരെ തെരഞ്ഞെടുത്തതിനുശേഷം നിയമന ഉത്തരവിനായി സർക്കാരിലേക്ക് | സർക്കാർ 09.02.2017 ലെ ഡിഡി2/216/തസ്വഭവ നമ്പർ കത്ത് മുഖേന സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, ഒരു സോഷ്യൽ ഓഡിറ്റ് സെപ്ഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരെ |

| | |
|---|---|
| സമർപ്പിച്ചിട്ടുള്ള ശുപാർശ അംഗീകരിക്കപ്പെടുന്ന പക്ഷം അതനുസരിച്ച് മുന്നോട്ട് പോകുന്നതിനും മറിച്ച് നിരാകരിക്കപ്പെടുന്ന പക്ഷം പുതിയതായി വിജ്ഞാപനം ചെയ്യാനും തീരുമാനിച്ചു. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട കേന്ദ്രനിയമങ്ങൾ കൃത്യമായി പാലിച്ച് പ്രധാന ദിനപത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, ജനയുഗം, ദി ഹിന്ദു എന്നിവയിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ഗ്രാമവികസന വകുപ്പ് വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു | തെരഞ്ഞെടുക്കാനുള്ള നടപടികൾ പുനരാരംഭിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട മാധ്യമങ്ങളിൽ വിഞ്ജാപനം നൽകി അപേക്ഷ ക്ഷണിക്കുകയും അതിൻപ്രകാരം സോഷ്യൽ ഓഡിറ്റ് ഡയറക്ടർ തസ്തികയിലേക്ക് 22 അപേക്ഷയും സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ് തസ്തികയിലേക്ക് 26 അപേക്ഷയും സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് തസ്തികയിലേക്ക് 50 അപേക്ഷയും ലഭിച്ചിരുന്നു. ഈ ആവശ്യത്തിലേക്കായി സംസ്ഥാന മിഷൻ ഡയറക്ടർ ഒരു അപേക്ഷ പരിശോധന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് വിജ്ഞാപനപ്രകാരമുള്ള യോഗ്യതയും പ്രവൃത്തി പരിചയവും കണക്കിലെടുത്ത് സോഷ്യൽ ഓഡിറ്റ് ഡയറ്കടർ തസ്തികയിലേക്ക് 9 അപേക്ഷകരെയും സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ് തസ്തികയിലേക്ക് 14 അപേക്ഷകരെയും സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് തസ്തികയിലേക്ക് 10 അപേക്ഷകരെയും ഇന്റർവ്യുവിന് ക്ഷണിക്കാൻ യോഗ്യതയുള്ളവരായി കണ്ടെത്തുകയും ചെയ്തു. പ്രസ്തുത ലിസ്റ്റ് 04.05.2017 ന് കൂടിയ സോഷ്യൽ ഓഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. |

**അജണ്ട.3 : സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ**

സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നീ തസ്തികകളിലേക്ക് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിക്കുന്നതിനായി 04.05.2017 ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചത് ഗവേണിംഗ് ബോഡി അംഗീകരിക്കുകയും ചെയ്തു.

**തീരുമാനം.3.1.** സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നീ തസ്തികകളിലേക്ക് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചത് ഗവേണിംഗ് ബോഡിയും അംഗീകരിച്ചു. ഇപ്രകാരം അംഗീകരിച്ച ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ ഇന്റർവ്യു നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അനുമതിയും സമയവും ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് അടിയന്തിരമായി അയയ്ക്കുന്നതിന് തീരുമാനിച്ചു. നിലവിലെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ പുതുതായി കേന്ദ്രസർക്കാർ അക്കൗണ്ടന്റ് ജനറൽ (കേരള) യെക്കൂടി ഉൾപ്പെടുത്തിയ വിവരം ഗവേണിംഗ് ബോഡിയിൽ അവതരിപ്പിച്ചു

**തീരുമാനം.4** സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഓഫീസ് പ്രവർത്തിക്കുന്നതിനായി അനുയോജ്യമായ ഒരു കെട്ടിടം കണ്ടെത്തുന്നതിന് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി

**തീരുമാനം.5** ഗവേണിംഗ് ബോഡി അംഗങ്ങളുടെ സിറ്റിംഗ് ഫീ, യാത്രാപ്പടി എന്നിവ നിശ്ചയിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ അയയ്ക്കുവാൻ മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

**തീരുമാനം.6** കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സോഷ്യൽ ഓഡിറ്റ് എസ്.ഒ.പി. മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത് പ്രിന്റ് ചെയ്യുന്നതിന് അനുമതി നൽകി. പ്രിന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി

യോഗം വൈകിട്ട് 4 മണിയ്ക്ക് അവസാനിച്ചു

15/6/17

ചെയർമാൻ

TINKU BISWAL, IAS
Secretary to Government
Water Resources Department
Govt. Secretariat
Thiruvananthapuram.

14.6

അനുബന്ധം

വങ്കെടുത്തവരുടെ ലിസ്റ്റ്

1. ശ്രീമതി. ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ് (ചെയർമാൻ ഗവേണിംഗ് ബോഡി
2. ശ്രീ.സി.കെ. ഹരീന്ദ്രൻ, എം.എൽ.എ, അംഗം
3. ശ്രീമതി. ഗിരിജാസുരേന്ദ്രൻ, എക്സ് എം.എൽ.എ, അംഗം
4. ശ്രീ.എസ്.രാജേന്ദ്രൻ, അംഗം
5. ശ്രീമതി.പി.റ്റി.തങ്കം, അംഗം
6. ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ്, അസി.ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
7. ശ്രീ. പ്രമോദ് കെ.വി, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ മിഷൻ